**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **13-12-2022 - ൽ മറുപടിയ്ക്ക്**

**നികുതി വരുമാനത്തിന്റെ സംസ്ഥാന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്തവിധം സെസ്സുകളും സർചാർജ്ജുകളുമായി കോടിക്കണക്കിന് രൂപ കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2011-2012 മുതൽ 2020-2021 വരെയുള്ള ദശാബ്ദ കാലയളവിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരവിൽ സെസുകളുടെയും സർചാർജ്ജുകളുടെയും വിഹിതം ഏതാണ്ട് 10 ശതമാനത്തിൽ നിന്നും 20 ശതമാനത്തിലേക്ക് വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | വികസന, ക്ഷേമ കാര്യങ്ങളിൽ കേന്ദ്രത്തെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്ന സംസ്ഥാനത്തിന്, കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടിയിലൂടെ ആകെ നികുതി വരുമാനത്തിന്റെ സംസ്ഥാന വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സെസുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ് കാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനങ്ങൾക്കു പങ്കു വയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽ നിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കു കൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിൽ നിയമ പരിരക്ഷയുള്ള സംവിധാനം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്ര ധനകമ്മീഷൻ ശിപാർശ പ്രകാരം നികുതി വരുമാനത്തിൽ നിന്നും കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി ശതമാനം എത്രയെന്ന് അറിയിക്കാമോ; നികുതി വരുമാനം പങ്കുവയ്ക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള അനുപാതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2020-21 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര അറ്റ നികുതി വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതാണ്. 2015-16 മുതൽ 2019-2020 വരെയുള്ള കാലയളവിലേക്ക് 14-ാം ധനകാര്യ കമ്മീഷൻ 42 ശതമാനം നികുതിയാണ് സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കുവാൻ ശിപാർശ ചെയ്തിരുന്നത്. 15-ാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 50 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

2023-24 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബഡ്ജറ്റിന്റെ മുന്നോടിയായി കേന്ദ്ര ധനകാര്യ മന്ത്രി 25.11.2022ൽ സംസ്ഥാന ധനമന്ത്രിമാരുമായി നടത്തിയ പ്രീ-ബഡ്ജറ്റ് മീറ്റിംഗിൽ സെസുകളും സർചാർജ്ജുകളുമായി ബന്ധപ്പെട്ട ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ കണക്കുകൾ പ്രകാരം മൊത്തം വരവിന്റെ 62.7 ശതമാനം തുക കേന്ദ്ര സർക്കാരിനാണ് ലഭിക്കുന്നത്. എന്നാൽ മൊത്തം ചെലവിന്റെ 62.4 ശതമാനം ബാധ്യതയും വഹിക്കുന്നത് സംസ്ഥാന സർക്കാരുകളാണ്. പരിമിതമായ വിഭവ സമാഹരണ സ്രോതസ്സുകൾ നിലനിൽക്കുമ്പോൾ സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ടതില്ലാത്ത വിധം സെസുകളും സർചാർജ്ജുകളും ചുമത്തുന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനങ്ങളെ കൂടുതലായി സാമ്പത്തിക ഞെരുക്കത്തിലേക്ക് തള്ളിവിടുന്നതാണ്.

2011-2012 മുതൽ 2020-2021 വരെയുള്ള ദശാബ്ദ കാലയളവിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരവിൽ സെസുകളുടെയും സർചാർജ്ജുകളുടെയും വിഹിതം ഏതാണ്ട് 10 ശതമാനത്തിൽ നിന്നും 20 ശതമാനത്തിലേക്ക് വർദ്ധിച്ചിട്ടുണ്ട്. സെസുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ് കാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ

പൂളിൽ നിന്നും സംസ്ഥാനങ്ങളുമായി പങ്കു വക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽ നിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കു കൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷയുള്ള സംവിധാനം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർചാർജ്ജുകളും സെസുകളും മൊത്തം കേന്ദ്ര നികുതി വിഹിതത്തിന്റെ ഒരു നിശ്ചിത അനുപാതത്തിൽ നിജപ്പെടുത്തണമെന്നും ഇത് ഡിവിസിബിൾ പൂളിലുള്ള നികുതിയുടെ അളവ് ചുരുങ്ങുന്നതിൽ നിന്നും ഒരു പരിധി വരെ കുറയ്ക്കുമെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിന്റെ 41 ശതമാനം തുകയാണ് സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കാൻ ശിപാർശ ചെയ്തത്. സെസ്, സർചാർജ്, കളക്ഷൻ ചാർജ് എന്നിവ കിഴിവ് ചെയ്തതിന് ശേഷമുള്ള നികുതി വരുമാനമാണ് സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കുന്നത്. ഇപ്രകാരം പങ്ക് വയ്ക്കുന്ന നികുതി കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിന്റെ 30 ശതമാനം മാത്രമാണ്. സെസും സർചാർജ്ജും വർദ്ധിക്കുന്നതും ആയത് സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കാത്തതുമാണ് ഈ അന്തരത്തിന് കാരണം. ഈ അന്തരം കുറയ്ക്കണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നു.

15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2020-21 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര അറ്റ നികുതി വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതാണ്.

2015-16 മുതൽ 2019-2020 വരെയുള്ള കാലയളവിലേക്ക് 14-ാം ധനകാര്യ കമ്മീഷൻ 42 ശതമാനം നികുതിയാണ് സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കുവാൻ ശിപാർശ ചെയ്തിരുന്നത്. 15-ാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 50 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു.

**സെക്ഷൻ ഓഫീസർ**